പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .152

10.12.2012-ൽ മറുപടിക്ക്

## ചെറുവത്തൂർ ഫിഷറീസ് ഹാർബർ നിർമ്മാണം

ചോദ്യം

മറുപടി

| | | | |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ചെറുവത്തൂർ ഫിഷറീസ് ഹാർബർ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ കരിങ്കല്ല് ലഭ്യമല്ലാത്തതിനാൽ പണി നിലച്ച വിവരം ശ്രദ്ധയിൽപ്പെടുത്തിയിട്ടും പണി പുനരാരംഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (എ) | ചെറുവത്തൂർ ഫിഷറി ഹാർബർ നിർമ്മാണത്തിന് 15/5/10-ലെ ജി.ഒ (എം.എസ്) നം.36/2010/മ.തു.വ പ്രകാരം 2906 ലക്ഷം അടങ്കൽ തുക വരുന്ന എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും 2011 മാർച്ച് 11-ാം തീയതി പുലിമുട്ട് നിർമ്മാണം ആരംഭിക്കുകയും ചെയ്തു. എന്നാൽ കരിങ്കല്ലിന്റെ ലഭ്യത കറവ് കാരണം പുലിമുട്ട് നിർമ്മാണം പുരോഗമിക്കുന്നില്ല. ഈ സാഹചര്യത്തിൽ കാസർഗോഡ് ജില്ലയിലെ ക്വാറികളുടെ പ്രവർത്തനത്തിന് ഹ്രസ്വകാല പെർമിറ്റുകൾ നൽകാൻ 23-11-12 ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ക്വാറികളിലെ മൈനിംഗിന് സുപ്രീം കോടതിയുടെ 27/2/2012 ലെ നിർദ്ദേശങ്ങൾ കൂടി പാലിക്കണമെന്ന നിർദ്ദേശം നടപ്പാക്കുന്നതിനുണ്ടാവുന്ന കാലതാമസവും പരിസ്ഥിതി പ്രവർത്തകരുടെയും ഏതാനും ചില വ്യക്തികളുടെയും എതിർപ്പ് മൂലവും കരിങ്കൽ ക്വാറി പ്രവർത്തിപ്പിക്കുന്നതിനും കരിങ്കൽ ഖനനം ചെയ്യുന്നതിനും തുടർ ലൈസൻസ് ലഭിച്ചിട്ടില്ലാത്തതിനാലുമാണ് പുലിമുട്ടുകളുടെ നിർമ്മാണം പുന:രാരംഭിക്കുവാൻ സാധിക്കാത്തത്. |

സെക്ഷൻ ഓഫീസർ